## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T.6116 — 10.07.2012 ൽ മറുപടിയ്ക്ക്

### വിഷൻ 2030-ൽ കാർഷിക മേഖലയ്ക്കുള്ള പ്രോത്സാഹനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സാംപിത്രോദായുടെ നേതൃത്വത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന വിഷൻ 2030-ൽ സംസ്ഥാന കാർഷിക മേഖലയെ പൂർണ്ണമായും അവഗണിച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) വിഷൻ 2030 - എന്ന കാഴ്ചപ്പാടിൽ കാർഷിക മേഖലയ്ക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. |
| (ബി) കൃഷി ആകർഷകമല്ലാത്തതിനാൽ പുതിയ തലമുറ കാർഷികവൃത്തിയിൽ നിന്നും അകന്നുകൊണ്ടിരിക്കുന്ന ഇന്നത്തെ സ്ഥിതിയിൽ ആധുനിക ശാസ്ത്ര സാങ്കേതിക സങ്കേതങ്ങൾ കൃഷിയുടെ എല്ലാ തലങ്ങളിലേയ്ക്കും വ്യാപിപ്പിച്ച് പുതിയ തലമുറയെ കൃഷിയിലേയ്ക്ക് ആകർഷിക്കുവാനുള്ള അവസരം വിഷൻ 2030-ലൂടെ സാധ്യമാക്കുന്നതിനുള്ള പരിശോധന നടത്തുവാൻ കൃഷി വകുപ്പ് തയ്യാറാകുമോ ? | (ബി) തയ്യാറാക്കിവരുന്നു.<br>പുതുതലമുറയെ കാർഷികമേഖലയിലേക്ക് ആകർഷിക്കുന്നതിനായി സംരംഭകത്വ പ രിശീലനങ്ങളും ക്യാമ്പുകളും ശില്പശാലകളും കൃഷി വകുപ്പ് നടത്തിവരുന്നു. ആധുനിക കാർഷിക മാർഗ്ഗങ്ങളും യന്ത്രങ്ങളും ഫീൽഡിൽ ഉപയോഗിക്കുന്നതിനായി രൂപീകരിച്ചിരിക്കുന്ന 2012-13 ലെ പ്രധാന പദ്ധതിയാണ് കാർഷിക സേവന കേന്ദ്രങ്ങൾ (അഗ്രോ സർവ്വീസ് സെന്ററുകൾ). അതുപോലെതന്നെ ഹൈടെക് അഗ്രിക്കൾച്ചർ എന്ന അത്യാധുനിക കാർഷിക സമ്പ്രദായം ഇത്തവണ കൃഷി വകുപ്പിലൂടെ നടത്തപ്പെടുന്നു.<br>കൃഷി ആധുനിക സാങ്കേതിക വിദ്യകളുടെ ഉപയോഗത്തിലൂടെ ഒരു സ്ഥിരം വരുമാന മാർഗ്ഗമായി മാറ്റപ്പെടുന്നതിനുള്ള പ്രവർത്തനങ്ങളും, ജൈവ കാർഷിക മാർഗ്ഗങ്ങളുടെ അനുവർത്തനവും വിപണന മാർഗ്ഗങ്ങളിൽ വിവരസാങ്കേതിക വിദ്യയുടെ ഉപയോഗവും കൃഷി വകുപ്പിലൂടെ പ്രോൽസാഹിപ്പിക്കപ്പെടുന്നു.<br>ഇത്തരം അനവധി പ്രവർത്തനങ്ങൾ പുതുതലമുറയെ കാർഷിക വൃത്തിയിലേക്ക് ആകർഷിക്കുന്നതിന് വളരെ പര്യാപ്തമാണ്. |

സെക്ഷൻ ഓഫീസർ